# ഖത്തറിൽ തൊഴിലുകൾ മാറുന്നതിനുള്ള നടപടിക്രമം എന്താണ്?

വസാറത്തുൽ അമൽ
MINISTRY OF LABOUR

## ഖത്തർ രാജ്യത്തുള്ള എല്ലാ തൊഴിലാളികൾക്കും ഒരു നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ഇല്ലാതെ തൊഴിലുടമകളെ മാറ്റാൻ കഴിയും.

ഇനിപ്പറയുന്ന ഘട്ടങ്ങൾ 2004-ലെ തൊഴിൽ നിയമം നമ്പർ 14 പ്രകാരം പരിരക്ഷയുള്ള സ്വകാര്യമേഖലയിലെ തൊഴിലാളികൾ, കർഷക, കാലി മേയ്ക്കൽ തൊഴിലാളികൾ, വീട്ടുജോലിക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് ബാധകമാണ്.

തൊഴിൽദാതാക്കളെ മാറ്റുന്നതിന്, ഇനിപ്പറയുന്ന ഘട്ടങ്ങൾ പാലിക്കണം:

**1** തൊഴിൽ മന്ത്രാലയത്തിന്റെ (MoL) ഇലക്ട്രോണിക് സംവിധാനം വഴി തൊഴിലാളി ജോലി മാറുന്നതിനുള്ള അപേക്ഷ സമർപ്പിക്കണം:

- തൊഴിലാളി "തൊഴിലുടമയെ മാറ്റുക" എന്ന ഫോം പ്രിന്റ് ചെയ്യുകയും പൂരിപ്പിക്കുകയും ഒപ്പിടുകയും വേണം. പുതിയ തൊഴിലുടമയും ഫോമിൽ ഒപ്പിട്ട് കമ്പനിയുടെ ഔദ്യോഗിക മുദ്ര ചേർക്കേണ്ടതുണ്ട്. ഒരു സ്വകാര്യ കുടുംബത്തിൽ ജോലി ചെയ്യാനായി തൊഴിലാളി തൊഴിൽ മാറുകയാണെങ്കിൽ, പുതിയ തൊഴിലുടമയുടെ ഒപ്പ് മതിയാകും.
- തൊഴിലാളി അവന്റെ/അവളുടെ ഖത്തരി ഐഡിയും (ക്യുഐഡി) മൊബൈൽ ഫോൺ നമ്പറും ഉപയോഗിച്ച് MoL-ന്റെ ഇലക്ട്രോണിക് സിസ്റ്റത്തിലേക്ക് ലോഗിൻ ചെയ്യണം, തുടർന്ന് ഒപ്പിട്ട ഫോമിന്റെ ഒരു പകർപ്പ് അപ്‌ലോഡ് ചെയ്യണം. മൊബൈൽ നമ്പർ തൊഴിലാളിയുടെ ക്യുഐഡിയുമായി (QID) ബന്ധിപ്പിച്ചിരിക്കണം.

**2** അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ, ഒരു EC (തൊഴിൽദാതാവിന്റെ മാറ്റം) നമ്പർ സ്ക്രീനിൽ ദൃശ്യമാകും. ഈ നമ്പർ അപേക്ഷ വിജയകരമായി സമർപ്പിച്ചതായി സ്ഥിരീകരിക്കുന്നു.

- തൊഴിലാളികൾ ഇസി (EC) നമ്പർ രേഖപ്പെടുത്തണം.
- തൊഴിലാളികൾക്ക് ഏത് സമയത്തും അവരുടെ ക്യുഐഡിയും (QID) ഇസി നമ്പറും ഉപയോഗിച്ച് മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അവരുടെ അപേക്ഷയുടെ സ്ഥിതി പരിശോധിക്കാം.
- അഭ്യർത്ഥന അംഗീകരിക്കുന്നതിന് മുമ്പ് തൊഴിലാളികൾക്ക് അവരുടെ അപേക്ഷ എപ്പോൾ വേണമെങ്കിലും MoL-ന്റെ ഇലക്ട്രോണിക് സിസ്റ്റം വഴി റദ്ദാക്കാം.
- തൊഴിലാളികൾക്ക് അവരുടെ പുതിയ തൊഴിൽ കരാർ പ്രാമാണീകരിക്കാത്തിടത്തോളം കാലം, രേഖാമൂലമുള്ള അഭ്യർത്ഥന MoL-ന് സമർപ്പിച്ച് അംഗീകാരം ലഭിച്ചതിന് ശേഷം അവരുടെ അപേക്ഷ റദ്ദാക്കാനും കഴിയും. അവർ ലേബർ റിലേഷൻസ് മേധാവിക്ക് ഒപ്പിട്ട അറബിയിലുള്ള കത്ത് സമർപ്പിക്കണം. ഈ കത്തിൽ, അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകിയ ഇസി (EC) നമ്പർ, അവരുടെ ക്യുഐഡിയുടെ (QID) പകർപ്പ്, മൊബൈൽ ഫോൺ നമ്പർ എന്നിവയ്ക്കൊപ്പം അവർ എന്തിനാണ് അപേക്ഷ റദ്ദാക്കാൻ അഭ്യർത്ഥിക്കുന്നത് എന്നതിന്റെ ചുരുക്കത്തിലുള്ള വിശദീകരണവും ഉൾപ്പെടുത്തണം.

**3** ഉദാഹരണത്തിന്, തൊഴിലാളി ഫോം ശരിയായി പൂരിപ്പിച്ചില്ലെങ്കിലോ പുതിയ തൊഴിലാളികളെ നിയമിക്കുന്നതിൽ നിന്ന് പുതിയ തൊഴിലുടമയെ തടയുകയോ ചെയ്താൽ, ജോലി മാറുന്നതിനുള്ള അപേക്ഷ മന്ത്രാലയം നിരസിച്ചേക്കാം.

**4** അപേക്ഷ പ്രോസസ്സ് ചെയ്തുകഴിഞ്ഞാൽ, തൊഴിൽ മാറ്റവും അറിയിപ്പ് കാലയളവും സ്ഥിരീകരിക്കുന്ന ഒരു എസ്എംഎസ് തൊഴിലാളിക്ക് മന്ത്രാലയത്തിൽ നിന്ന് ലഭിക്കും.

ഈ ഘട്ടത്തിലാണ് നിലവിലുള്ളതും പുതിയതുമായ തൊഴിലുടമകളെ വിവരം അറിയിക്കുന്നത്.

- തൊഴിലാളി നിലവിലുള്ള തൊഴിലുടമയ്ക്കൊപ്പം 2 വർഷമോ അതിൽ കുറവോ ആണ് ജോലി ചെയ്തിട്ടുള്ളതെങ്കിൽ, അറിയിപ്പ് കാലയളവ് 1 മാസമായിരിക്കും.
- തൊഴിലാളി 2 വർഷത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ, അറിയിപ്പ് കാലയളവ് 2 മാസമായിരിക്കും.
- അറിയിപ്പ് കാലയളവ് അവസാനിക്കുന്നത് മന്ത്രാലയത്തിൽ നിന്നുള്ള എസ്എംഎസിൽ സൂചിപ്പിക്കും.
- അറിയിപ്പ് കാലയളവ് കുറയ്ക്കാൻ തൊഴിലാളിയും നിലവിലെ തൊഴിലുടമയും പരസ് പരം സമ്മതിച്ചിട്ടില്ലെങ്കിൽ അറിയിപ്പ് കാലയളവിൽ തൊഴിലാളി നിലവിലെ തൊഴിലുടമയ്ക്കൊപ്പം ജോലി ചെയ്യുന്നത് തുടരണം.

**5** അറിയിപ്പ് കാലയളവ് പൂർത്തിയായിക്കഴിഞ്ഞാൽ, പുതിയ തൊഴിലുടമ ഒരു ബഹുഭാഷാ തൊഴിൽ കരാറിനായി MoL-ന്റെ ഡിജിറ്റൽ പ്രാമാണീകരണ സംവിധാനം വഴി തൊഴിൽ കരാർ തയ്യാറാക്കും.

തൊഴിലാളിയുടെ അറിയിപ്പ് കാലയളവ് അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ ഇത് പൂർത്തിയാക്കേണ്ടതുണ്ട്. എല്ലാ വിവരങ്ങളും പൂരിപ്പിച്ച്, പുതിയ തൊഴിലുടമ തൊഴിൽ കരാർ പ്രിന്റ് ചെയ്യും, അതിൽ തൊഴിലാളിയും പുതിയ തൊഴിലുടമയും ഒപ്പിടണം. തൊഴിലാളി കരാറിലെ വ്യവസ്ഥകൾ അംഗീകരിക്കുകയാണെങ്കിൽ, അവന്/അവൾക്ക് അതിൽ ഒപ്പിടാം.

- പുതിയ തൊഴിൽ ദാതാവ് ഒപ്പിട്ട കരാർ പ്രാമാണീകരണത്തിനായി മന്ത്രാലയത്തിന്റെ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യും.
- അന്തിമമാകുമ്പോൾ, പുതിയ തൊഴിലുടമ തൊഴിലാളിക്ക് പ്രമാണീകരിച്ച തൊഴിൽ കരാറിന്റെ ഒരു പകർപ്പ് നൽകണം.

**6** തൊഴിൽ കരാർ പ്രാമാണീകരിച്ച ശേഷം, പുതിയ തൊഴിലുടമ തൊഴിലാളിയുടെ പുതിയ ക്യുഐഡിക്കായി (QID) ആഭ്യന്തര മന്ത്രാലയത്തിന് ഒരു അഭ്യർത്ഥന സമർപ്പിക്കണം.

**7** തൊഴിലാളിക്ക് ഇപ്പോൾ അവന്റെ/അവളുടെ പുതിയ തൊഴിൽ ആരംഭിക്കാം

തൊഴിലാളിക്ക് പുതിയ തൊഴിലുടമയിൽ നിന്ന് ഒരു പുതിയ ക്യുഐഡി (QID) (നിരക്ക് ഈടാക്കാതെ) ലഭിക്കും.

### കുറിപ്പ്

തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൊഴിൽ കരാറിന്റെ ഒരു പകർപ്പ് ഏത് സമയത്തും MoL പോർട്ടൽ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### ഉപകാരപ്രദമായ ലിങ്കുകൾ

തൊഴിലുകൾ മാറ്റുന്നതിന് വേണ്ടി നിങ്ങളുടെ അപേക്ഷ സമർപ്പിക്കുക

നിങ്ങളുടെ തൊഴിൽ ദാതാവിനെ മാറ്റുന്നതിനുള്ള അപേക്ഷയുടെ നില പരിശോധിക്കുക

തൊഴിൽ സംബന്ധമായ പരാതി MoL-ന് സമർപ്പിക്കുക

### എനിക്ക് എവിടെ നിന്നാണ് കൂടുതൽ വിവരങ്ങൾ കണ്ടെത്താനാവുക?

കൂടുതൽ വിവരങ്ങൾക്ക്, 40288101 എന്ന ഹോട്ട്‌ലൈനിൽ തൊഴിൽ മന്ത്രാലയവുമായി ബന്ധപ്പെടുക, info@mol.gov.qa, എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യുക, www.mol.gov.qa വെബ്സൈറ്റ് അല്ലെങ്കിൽ ഞങ്ങളുടെ ഓഫീസ് സന്ദർശിക്കുക.